# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കുന്നത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**
**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P10/26/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 10/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P10/26/2023 തീയ്യതി: 10/04/2023

# കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-04-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 12-12-2022 | 20-12-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-12-2022 | 20-12-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്.എസ്., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി റ്റി. സിന്ധു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺജിത്ത് ജി., സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വൽസലകുമാരി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. എസ്. ശിവകുമാർ | സെക്രട്ടറി | 01-04-2021 | 07-01-2022 |
| ശ്രീമതി സേതുകുമാരി യു. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-01-2022 | 02-03-2022 |
| ശ്രീ. അജയകുമാർ സി.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സേതുകുമാരി യു. | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.രതീഷ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. മുഹമ്മദ് ഷാഫി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ഡോ. സുജ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. ഡോളി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീജാമോൾ റ്റി. കെ. | അസി. എഞ്ചിനീയർ | 01-04-2021 | 03-08-2021 |
| ശ്രീമതി സീന റ്റി. ജെ. | അസി.എഞ്ചിനീയർ | 04-08-2021 | 31-03-2022 |
| ശ്രീമതി പത്മലത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| ശ്രീമതി ഷാഹിത എച്ച്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-07-2021 | 30-11-2021 |
| ശ്രീമതി സജീന എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| ശ്രീമതി ഗോപിക എൽ. | എം.ജി.എൽ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. ജിമ്മിദാസ് | വി.ഇ.ഒ. | 01-04-2021 | 28-07-2021 |
| ശ്രീമതി റഷീദാ ബീവി | വി.ഇ.ഒ. | 28-07-2021 | 04-10-2021 |
| ശ്രീ. വിനോദ് വി. | വി.ഇ.ഒ. | 05-10-2021 | 31-03-2022 |
| ശ്രീമതി സ്മൃതി ഗോപാലകൃഷ്ണൻ | വി.ഇ.ഒ. | 01-04-2021 | 01-09-2021 |
| ശ്രീമതി ഹരിത ടി. കുറുപ്പ് | വി.ഇ.ഒ. | 30-10-2021 | 31-03-2022 |
| ശ്രീമതി വിജയകുമാരി പിള്ള | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ഡോ. ജയകുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 25-04-2021 |
| ഡോ. തോമസ്സ് കെ.എൽ. | വെറ്ററിനറി സർജൻ | 26-04-2021 | 31-03-2022 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് / ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | സ്ഥാപന തൊഴിൽ നികുതി ഒടുക്കുവരുത്തിയില്ല. | 1-11 |
| 13 | മട്ടുപ്പാവ് പച്ചക്കറി കൃഷി - അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു. | 1-12 |
| 14 | തെങ്ങുകൃഷി വികസനം ജില്ലാ തല യൂണിറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ തുക ചെലവഴിച്ചു. | 1-13 |
| 15 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-14 |
| 16 | പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-15 |
| 17 | "വിശപ്പ് രഹിത കേരളം – ജനകീയ ഹോട്ടൽ" എന്ന പ്രോജക്ടിനായി സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവ് ചെയ്തു. | 1-16 |
| 18 | വൃദ്ധർക്ക് കട്ടിൽ വിതരണം - ടെണ്ടർ നടപടികൾ ഒഴിവാക്കി കട്ടിലുകൾ വാങ്ങി. | 1-17 |
| 19 | വൃദ്ധർക്ക് കട്ടിൽ വിതരണം - ടെണ്ടർ നടപടികൾ ഒഴിവാക്കി കട്ടിലുകൾ വാങ്ങി | 1-18 |
| 20 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. | 1-19 |
| 21 | പഞ്ചായത്ത് ഓഫീസ് കുഴൽ കിണർ നിർമ്മാണം - പാതി വഴിയിൽ ഉപേക്ഷിച്ച പദ്ധതി. | 1-20 |
| 22 | ജലജീവൻ മിഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-21 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-22 |
| 24 | എം.സി.എഫിലേയ്ക്ക് ബെയിലിംഗ് മെഷീൻ - നാളിതു വരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. | 1-23 |
| 25 | ഗുണഭോക്തൃ വിഹിതം തിരിച്ച് നൽകിയത് - കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ പാലിച്ചില്ല. | 1-24 |
| 26 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കാലിബാരൽ വില ഈടാക്കി. | 1-25 |
| 27 | പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള തുക ഓഡിറ്റ് പരാമർശത്തെ തുടർന്ന് ഈടാക്കി അടച്ചു. | 1-26 |
| 28 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാകുന്നില്ല. | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മട്ടുപ്പാവ് പച്ചക്കറി കൃഷി - അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു. | 3-1 |

| | | |
|---|---|---|
| 2 | തെങ്ങുകൃഷി വികസനം ജില്ലാതല യൂണിറ്റ് നിരക്കിനേക്കിൽ അധികം നിരക്കിൽ തുക ചെലവഴിച്ചു. | 3-2 |
| 3 | "വിശപ്പ് രഹിത കേരളം – ജനകീയ ഹോട്ടൽ" എന്ന പ്രോജക്ടിനായി സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവ് ചെയ്തു. | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

18.02.2021 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 11.03.2022 തീയതിയിലെ 2(2) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള " Distress Relief Fund 311100101" ഹെഡിലെ 31.03.22ലെ ബാധ്യതയായി ₹10,506/- കാണിച്ചിട്ടുണ്ടെങ്കിലും B-17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള അക്കൗണ്ടിലെ ബാലൻസ് ₹190/- മാത്രമാണ്.

2) വികസന ഫണ്ട് (ജന.) ഇനത്തിൽ സുലേഖ സ്റ്റേറ്റുമെന്റ്, ഗ്രാന്റ് സ്റ്റേറ്റുമെന്റ് എന്നിവ പ്രകാരമുള്ള ചെലവ് ₹1,34,23,918/- ആണ്. എന്നാൽ എ സി ആർ ( ജി ഒ പ്രോജക ഉൾപ്പെടുത്തി ) പ്രകാരമുള്ള ചെലവ് തുക ₹1,39,92,504/- ആണ്.

വികസന ഫണ്ട് (എസ് സി പി) ഇനത്തിൽ സുലേഖ സ്റ്റേറ്റുമെന്റ്, ഗ്രാന്റ് സ്റ്റേറ്റുമെന്റ് എന്നിവ പ്രകാരമുള്ള ചെലവ് ₹1,40,87,241/- ആണ്. എന്നാൽ എ സി ആർ ( ജി ഒ പ്രോജക ഉൾപ്പെടുത്തി ) പ്രകാരമുള്ള ചെലവ് തുക ₹1,42,46,547/- ആണ്.

3) ഗ്രാമ പഞ്ചായത്തുകൾ വിവിധ പ്രോജക്ടുകൾക്കായി നടത്തിയ താഴെ പറയുന്ന ചെലവുകൾ സുലേഖ സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം., പേര് | ഫണ്ട് | ചെലവ് തുക | സുലേഖ – ചെലവ് തുക |
|---|---|---|---|---|
| 1 | 103/22 സംയോജിത കുടിവെള്ള പദ്ധതിയ്ക്ക് സ്ഥലം വാങ്ങൽ | ഗ്രാമപഞ്ചായത്തുകളുടെ വിഹിതം | ₹90,00,000/- | ₹15,00,000/- |
| 2 | 97/22 തെരുവ് വിളക്ക് മെയിന്റനൻസ് | തനത് | ₹1,19,000/- | ₹1,12,000/- |

4) ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഹെഡിൽ 31.03.22 ലെ ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള തുകയിൽ ₹5,59,692/-ടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) വാടക രജിസ്റ്റർ പ്രകാരം തൻവർഷത്തെ വാടക ഡിമാന്റ്, കളക്ഷൻ ₹88,872/- ആണ് എന്നാൽ ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് ₹89,282/-ഉം കളക്ഷൻ ₹86,786/-ഉം ആണ്.

6) വസ്തുനികുതി തൻവർഷ ഡിമാന്റ്, കളക്ഷൻ, കുടിശിക തുകകളുടെയും മുൻവർഷ കുടിശിക തുകകളുടെയും അക്കൗണ്ടിംഗ് സഞ്ചയ സ്റ്റേറ്റുമെന്റിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7) സ്റ്റോക്ക് രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8) മുൻ വർഷങ്ങളിൽ നല്കിയ അഡ്വാൻസുകളുടെ വിവരം, ചെലവ് വിശദാംശങ്ങൾ പ്രോജക്ട് വിവരങ്ങൾ എന്നിവവ രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ I 18 – പ്രയർ പീരിയഡ് ഐറ്റംസ് - എന്ന രേഖപ്പെടുത്തിയ ഷെഡ്യൂളിലെ തുകകളുടെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10) ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ആസ്തി വിവരങ്ങൾ തയ്യാറാക്കി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 22.06.2022 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,11,89,978/-രൂപ |
| വരവ് | 8,84,82,403/-രൂപ |
| ആകെ | 9,96,72,381/-രൂപ |
| ചെലവ് | 8,96,53,974/-രൂപ |
| നീക്കിയിരിപ്പ് | 1,00,18,407/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം | 1,01,606/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 19,61,505/-രൂപ |

## 1-4 ഗ്രാന്റ് / ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,47,68,863/- | 1,47,68,863/- | 1,39,92,504/- | 7,76,359/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,51,44,492/- | 1,51,44,492/- | 1,42,46,547/- | 8,97,945/- |
| വികസനഫണ്ട് (ട്രി.എസ്.പി) | 0 | 16,700/- | 16,700/- | 0 | 16,700/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 96,76,338/- | 96,76,338/- | 29,32,504/- | 67,43,834/- |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 66,53,502/- | 66,53,502/- | 37,02,335/- | 29,51,167/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്-അൺടൈഡ്) - ട്രഷറി | 0 | 5,47,749/- | 5,47,749/- | 3,72,840/- | 1,74,909/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്-അൺടൈഡ്) - ബാങ്ക് | 0 | 27,20,000/- + 56,296/- (Interest) -------------- 27,76,296/- | 27,76,296/- | 21,62,094/- | 6,14,202/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) - ട്രഷറി | 0 | 45,76,434/- | 45,76,434/- | 1,37,519/- | 44,38,915/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) - ബാങ്ക് | 0 | 40,80,000/- | 40,80,000/- | 21,13,910/- | 19,66,090/- |

ജിഒ പ്രോജക്ട് പ്രകാരം സോഴ്സിൽ നിന്നും കുറവുചെയ്ത തുകകൾ എ സി ആർ ന്റെ വരവ് ചെലവ് ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം പ്രസ്തുത തുകകൾ വരവിൽ ഉൾപ്പെടുത്തിയിട്ടില്ലായെങ്കിലും ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ**

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ലൈഫ് മിഷൻ- സംസ്ഥാന വിഹിതം | 8,00,000/- | 35,00,000/- | 43,00,000/- | 28,49,200/- | 14,50,800/- |
| എസ് സി വകുപ്പ് ഫണ്ട് | 2169/- | 0 | 2,169/- | 0 | 2,169/- |
| എൻ ആർ എച്ച്എം | 1,94,763/- | 0 | 1,94,763/- | 0 | 1,94,763/- |
| എംജി എൻആർ ഇജിഎസ് | 2,175/- | 10,77,305/- | 10,79,480/- | 10,79,079/- | 401/- |
| ഐസിഡിഎസ് | 20,97,347/- | 9,41,525/- | 30,38,872/- | 14,36,231/- | 16,02,641/- |
| ടി എസ് സി / എസ് ബി എം | 15,17,051/- | 5,18,066/- | 20,35,117/- | 12,37,899/- | 7,97,218/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 118810379 | 118 | 53983306 | 0 | 30 | 80 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2175 | 1077305 | 1079480 | 1079079 | 401 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 29905763 | 29905763 | 29905763 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 103920/- | 59 |
| കർഷകതൊഴിലാളി പെൻഷൻ | 2638400/- | 151 |
| വിധവാപെൻഷൻ | 17161300/- | 1117 |
| വാർദ്ധക്യകാലപെൻഷൻ | 34022400/- | 2145 |
| വികലാംഗപെൻഷൻ | 5958100/- | 353 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 982300/- | 67 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 240000/- | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ 3002/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തി ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്.ഫ്രണ്ട് ഓഫീസ് സംവിധാന കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനു സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങ

നടപ്പാക്കിയിട്ടുണ്ട്.

നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്ത നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായ സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീത നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയാ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രതിപാദിക്കു പ്രകാരം ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ സൂക്ഷിക്കാ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡി.ഡി ആയും നൽകുന്ന തുകകൾക്ക് കൈപ്പ രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര സ്റ്റാന്റിംഗ്കമ്മറ്റി ക്രമ പ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്.

ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധ നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. അതിർത്തിതർക്ക നിലനിൽക്കുന്ന സ്ഥലങ്ങൾ അളന്നുതിട്ടപ്പെടുത്തി ആസ്തിയിൽ ഉൾപ്പെടുത്തുന്നതി കാലതാമസം നേരിടുന്നുണ്ട്. കരാർ വച്ച മരാമത്ത് പ്രവൃത്തികൾ കാരണ രേഖപ്പെടുത്താതെ തൊട്ടടുത്തവർഷം ഒഴിവാക്കുന്ന സാഹചര്യം നിലനിൽക്കുന്നു (പ്രോജക്ട് നം. 180/22, 110/22). ടെണ്ടർ ചെയ്ത് കരാർ വയ്ക്കാത്ത പ്രവൃത്തികൾ തൻവർഷ സ്പിൽഓവർ പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രോജക്ട്നം.129/22, 137/22, 141/22) റോഡ കണക്ടിവിറ്റി പ്ലാൻ കാലികമല്ല. പൊതു മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ ഫണ്ടുകൾ ലാപ്സായി പോകുന്നു.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങൽ പദ്ധത തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യുർമെന്റ കമ്മിററിയ്ക്കാണ്. എന്നാൽ പ്രോക്യുയർമെന്റ് കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല പഞ്ചായത്തിലെ വാങ്ങൽ സംബന്ധിച്ച് പ്രൊക്യുർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ അംഗീകാരം വാങ്ങുകയോ ചെയ്യുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവി പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളു കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.12.2022 | 01.07.22 To 30.09.22 | 07.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-09-2016 | 2011-12 മുതൽ 2015-16 വരെ | 08-11-2016 |

## 1-11 സ്ഥാപന തൊഴിൽ നികുതി ഒടുക്കുവരുത്തിയില്ല.

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേണ സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ ബി.എസ്.എൻ.എൽ.-ൽ നിന്നും രണ്ടു അർദ്ധ വർഷത്തേയും സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയു ഈടാക്കാനവശേഷിക്കുന്നു. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നു ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ

പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. സ്ഥാപനതൊഴിൽ നികുതി, തൊഴിൽനികുതി എന്നിവ ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 മട്ടുപ്പാവ് പച്ചക്കറി കൃഷി - അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു.

പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടികളും തൈകളും വിതരണം ചെയ്യുന്നതിനു വേണ്ടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ മട്ടുപ്പാവ് പച്ചക്കറി കൃഷി എന്ന പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 2,95, 200/- രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 73800/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പദ്ധതി, നം | മട്ടുപ്പാവ് പച്ചക്കറി കൃഷി (47/22) |
| അടങ്കൽ തുക | 295200/-(വികസന ഫണ്ട്)<br>73800/-(ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 110400/-(ബിൽ നം.5/5.11.21)<br>90400/-(ബിൽ നം.11/10.1.22)<br>94400/-(ബിൽ നം.14/19.2.22)<br>73800/-(ചെക്ക് നം.26627/23.3.22) |

പോട്ടിംഗ് മിശ്രിതം നിറച്ച 5 മൺചട്ടികളും അതിലെ പച്ചക്കറി തൈകളും ഒരു യൂണിറ്റായി കണക്കാക്കി ആകെ 369 യൂണിറ്റുകൾക്കാണ് (369×5=1845 എണ്ണം മൺചട്ടിയും പച്ചക്കറി തൈയും)ഒരു യൂണിറ്റിന് 1000/-രൂപ നിരക്കിൽ 369000/- രൂപ ചെലവഴിച്ച് KAICO യിൽ നിന്ന് 1845 എണ്ണം മൺചട്ടിയും പച്ചക്കറി തൈയും വാങ്ങിയിട്ടുള്ളത്.
പ്രസ്തുത പദ്ധതിയുടെ ചെലവ് വിവരം പരിശോധിച്ചതിൽ ആകെ ചെലവിന്റെ 80% തുക വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു.
ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.
ആകെ ചെലവ് – 369000/-
വികസന ഫണ്ട് ചെലവ് - 295200/- (80%)
ഗുണഭോക്തൃ വിഹിതം ചെലവ് - 295200/-(20%)
അനുവദനീയമായ സബ്സിഡി നിരക്ക് - 276750/-(75%)
വികസന ഫണ്ടിൽ നിന്നും അധികം അനുവദിച്ച തുക = 295200 – 276750 = 18450/- രൂപ

സർക്കാർ ഉത്തരവ് (കൈ) നം.22/2018 തസ്വഭവ തീയതി 14.2.2018 ഖ6-1 (11) പ്രകാരം പച്ചക്കറി കൃഷി ടെറസ്സിൽ പോട്ടിംഗ് മിശ്രിതം നിറച്ചതിന് അനുവദനീയമായ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% മാത്രമാണെന്നിരിക്കെ 80% നിരക്കിൽ സബ്സിഡി അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്, പദ്ധതി ഉദ്ദേശിച്ച ഫലപ്രാപ്തിയിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 75% സബ്സിഡി നൽകേണ്ടതിന് പകരം 80% സബ്സിഡി അനുവദിച്ച് നൽകി എന്നാണ്. വ്യക്തമായ മാർഗ്ഗരേഖയുണ്ടായിട്ടും, പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സബ്സിഡി അധികം നൽകിയെന്ന മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഉത്തരവിന് വിരുദ്ധമായി അധികമായി അനുവദിച്ച സബ്സിഡി തുക 18450/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം ചെലവ് ചെയ്ത തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**നിരാകരിച്ച തുക - 18,450/- രൂപ**

**ഓഡിറ്റ് എൻക്വയറി നം.3/15.12.22**

**1-13 തെങ്ങുകൃഷി വികസനം ജില്ലാ തല യൂണിറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ തുക ചെലവഴിച്ചു.**

തെങ്ങുകൃഷി വികസനം പദ്ധതിയിൽ തെങ്ങിൻ തൈകൾ ജില്ല തല യൂണിറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ വാങ്ങി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പദ്ധതി, നം | തെങ്ങുകൃഷി വികസനം (80/22) |
| അടങ്കൽ തുക | 60300/-(വികസന ഫണ്ട്)<br>20100/-(ഗുണഭോക്തൃവിഹിതം നേരിട്ട്) |
| ചെലവ് തുക | 59850/-(ബിൽ നം.9/10.01.22)<br>450/- (ബിൽ നം.17/19.2.22) |

തെങ്ങു കൃഷി വികസനം പദ്ധതിയിൽ 536 എണ്ണം WCT തെങ്ങിൻ തൈകൾ 150/- രൂപ നിരക്കിൽ KAICO യിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ജില്ലാതല യൂണിറ്റ് നിരക്ക് പ്രകാരം WCT തെങ്ങിൻ തൈകളുടെ വില ഒരെണ്ണത്തിന് 125/- രൂപയാണെന്നിരിക്കെ 150/- രൂപ നിരക്കിലാണ് തെങ്ങിൻ തൈകൾ വാങ്ങിയിട്ടുള്ളത് ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് കോവിഡ് നിയന്ത്രണമുണ്ടായിരുന്നതിനാൽ തെങ്ങിൻതൈകൾ ഗ്രോബാഗിൽ പോട്ടിംഗ് മിശ്രിതം നിറച്ച് വേര് പിടിപ്പിച്ച് വാർഡുതലത്തിൽ കർഷകർക്ക് എത്തിച്ച് നൽകിയതിനാലാണ് തൈ ഒന്നിന് 150/- രൂപ ചെലവഴിക്കേണ്ടി വന്നത് എന്നാണ്. എന്നാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ഗ്രോബാഗിൽ പോട്ടിംഗ് മിശ്രിതം നിറച്ച തെങ്ങിൻ തൈകകൾക്കാണ് ജില്ലാതല യൂണിറ്റ് നിരക്ക് പ്രകാരം 125/- രൂപ നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ ജില്ലാതല യൂണിറ്റ് നിരക്കിനേക്കാൾ അധികം ചെലവഴിച്ച 13400/- രൂപയുടെ ചെലവ് (536x25/-) അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**നിരാകരിച്ച തുക – 13,400/- രൂപ**
**ഓഡിറ്റ് എൻക്വയറി നം.3/15.12.22**

**1-14 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| മെഡിക്കൽ ഓഫീസർ ഹോമിയോ | S0069/22, ഹോമിയോ ആശുപത്രിയ്ക്കു മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ് ) – 300000/-<br>ബ്ലോക്ക് പഞ്ചായത്ത്-200000/- | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) 300000/-, ബിൽ നം. 1 തീ. 14.12.21 |

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥയായി മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | പ്രോഫോർമ ഇൻവോയിസ് നം., തീയതി | മുൻകൂർ നൽകിയ തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം (രൂപ) | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം (രൂപ) |
|---|---|---|---|---|
| S0069/22, ഹോമിയോ ആശുപത്രിയ്ക്കു മരുന്ന് വാങ്ങൽ | PF 1086/01.12.21 | 300000/- | 165859/- | 134141/- |

1,34,141/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ലഭ്യമാകാനുള്ള മരുന്നിന്റെ വിലയായ 1,34,141/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ

സ്വീകരിക്കേണ്ടതും ആയത് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**തടസ്സപ്പെടുത്തുന്ന തുക – 1,34,141/-രൂപ**
**ഓഡിറ്റ് എൻക്വയറി നം. 1/13.12.2022**

## 1-15 പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവു തുക |
|---|---|---|
| പാലിയേറ്റീവ് കെയർ Soo15/22 | വികസനഫണ്ട് - 531515/-<br>തനതുഫണ്ട് – 56485/- | വികസനഫണ്ട്- 529820/-<br>തനതുഫണ്ട് – 48760/- |

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം നടത്തിയ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ ന് 188730/- (ബിൽ നം.11 തീയതി 09.12.2021) മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| മുൻകൂർ നൽകിയ തുകയുടെ വിവരം | ലഭ്യമായ മരുന്നിന്റെ വിവരം | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം |
|---|---|---|
| 188730/- (ബിൽ നം.11 തീയതി 09.12.2021) | 97698/- | 91032/- |

91,032/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ലഭ്യമാകാനുള്ള മരുന്നിന്റെ വിലയായ 91,032/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭിക്കുന്ന ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**തടസ്സപ്പെടുത്തുന്ന തുക – 91,032/-രൂപ**
**ഓഡിറ്റ് എൻക്വയറി നം. 5/6.12.2022**

## 1-16 "വിശപ്പ് രഹിത കേരളം – ജനകീയ ഹോട്ടൽ" എന്ന പ്രോജക്ടിനായി സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവ് ചെയ്തു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി | ജനകീയ ഹോട്ടൽ (നം.11/22) |
| അടങ്കൽ തുക | 50,000/-(വികസന ഫണ്ട്)<br>20,000/-(ബ്ലോക്ക് വിഹിതം) |
| ചെലവ് തുക | 49,876/-(28/27.3.2022)<br>19,880/-(30/31.3.2022) |

സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടി മാർഗ്ഗരേഖ 6-3-20 ലെ ജി.ഒ.എം.എസ്.45/20 ത.സ്വ.ഭ.വ പ്രകാരം വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ജനകീയ ഹോട്ടലുകൾ നടത്തുന്നതിന് നിർദ്ദേശിക്കുകയും കെട്ടിടത്തിന്റെ വാടക, വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് നല്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഖ.1- പ്രകാരം ജനകീയ ഹോട്ടലിന് ആവശ്യമായ പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾ, ഗ്ലാസ്സുകൾ, ഉപകരണങ്ങൾ തുടങ്ങിയവ കുടുംബശ്രീ ലഭ്യമാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ ഇത് പരിഗണിക്കാതെ വെറൈറ്റി സൂപ്പർമാർക്കറ്റിൽ നിന്നും പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾഎന്നിവ 69756/- രൂപ ചെലവഴിച്ച് വാങ്ങി ജനകീയ ഹോട്ടലിന് നൽകിയിരിക്കുന്നു.
വാങ്ങിയ ഇനങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം | വാങ്ങിയ ഇനം | എണ്ണം | വില |
|---|---|---|---|
| 2578/26.3.22 | ഫ്രൈയിംഗ് പാൻ | 1എണ്ണം@1100/- | 1100/-രൂപ |
| | ഗ്യാസ് സ്റ്റൗ | 1എണ്ണം@4900/- | 4900/-രൂപ |
| 2580/30.3.22 | ബേസിൻ | 6 എണ്ണം@500/- | 3000/-രൂപ |

| | | | |
|---|---|---|---|
| | തവി | 1Kg @600/- | 600/-രൂപ |
| | സ്പൂൺ | 3 D@450/- | 1350/-രൂപ |
| | അണ്ടാവ് | 10Kg@450/- | 4500/-രൂപ |
| | കണ്ണാപ്പ | 1P @1600/- | 1600/-രൂപ |
| 2581/30.3.22 | പ്ലേറ്റ് | 10Kg @450/- | 4500/-രൂപ |
| | ഗ്ലാസ്സ് | 4Kg @600/- | 2400/-രൂപ |
| | AL-Vana | 2050g@600/- | 1230/-രൂപ |
| | ബക്കറ്റ് വലുത് | 1P @300/- | 300/-രൂപ |
| | ബക്കറ്റ് ചെറുത് | 4P@100/- | 400/-രൂപ |
| 2576/26.3.22 | പ്ലേറ്റ് | 20Kg @420/- | 8400/-രൂപ |
| | ചീനിച്ചട്ടി | 8 Kg@450/- | 3600/-രൂപ |
| | കെറ്റിൽ | 2P@800/- | 1600/-രൂപ |
| | S.S.Corry | 1P@1300/- | 1300/-രൂപ |
| | S.S.ചട്ടുകം | 1P@800/- | 800/-രൂപ |
| 2575/26.3.22 | S S Buchi | 1P @10080/- | 10080/-രൂപ |
| | Arippa Cotta | 1P @ 2300/- | 2300/-രൂപ |
| | Uruli S S | 1 P@6596/- | 6596/-രൂപ |
| | Table Plastic | 4P@1300/- | 5200/-രൂപ |
| | Chair | 10P@400/- | 4000/-രൂപ |
| | | **ആകെ** | **69756/-രൂപ** |

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് നിലവിലുണ്ടായിരുന്ന ജനകീയ ഹോട്ടൽ 2021 ഡിസംബർ മാസം നിർത്തലാക്കിയതിനാൽ ബഹു.സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയലുൾപ്പെടുത്തി പ്രസ്തുത പരിപാടിക്ക് മുടക്കം ഉണ്ടാകാതിരിക്കാനാണ് സാധമ സാമഗ്രികൾ വാങ്ങി നൽകിയത് എന്നാണ്.

എന്നാൽ ഇത്തരം ഉപകരണങ്ങൾ കുടുംബശ്രീ ലഭ്യമാക്കുന്നതാണെന്ന് മേൽ ഉത്തരവ് ഖ.1 5ൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. മാർഗ്ഗരേഖയ്ക്കനുസൃതമല്ലാതെ പാത്രങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 69,756/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

**നിരാകരിച്ച തുക - 69,756/- രൂപ**

**ഓഡിറ്റ് എൻക്വയറി നം. – 7/17.12.22**

## 1-17 വൃദ്ധർക്ക് കട്ടിൽ വിതരണം - ടെണ്ടർ നടപടികൾ ഒഴിവാക്കി കട്ടിലുകൾ വാങ്ങി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി, നം | വൃദ്ധർക്ക് കട്ടിൽ (6/22) |
| അടങ്കൽ തുക | 375000/-(വികസന ഫണ്ട് എസ്.സി.പി)<br>3250/-(തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് തുക | 19750/-<br>(ബിൽ നം.6/30.10.21)<br>179250/-<br>(ബിൽ നം.7/12.11.21)<br>3250/-<br>(ചെക്ക് നം.26664/31.3.22) |

വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതിയിൽ 87 എണ്ണം Wooden Cot Of Size 198x90cm, Front Leg60 Cm Back Leg 50cm Bed Portion In 8mm Commercial Plywood കട്ടിലുകൾ 4350/- രൂപ നിരക്കിൽ SIDCOയിൽനിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.
GO(Rt)No.49/2019/SPD Dtd 14.11.19 ഉത്തരവ് പ്രകാരമുള്ള റേറ്റ് കോൺട്രാക്ട് /Price List ൽ മേൽ സ്പെസിഫിക്കേഷനിലുള്ള കട്ടിലുകൾ ഉൾപ്പെട്ടിട്ടില്ല.മേൽ ഉത്തരവ് ഖണ്ഡിക 4 പ്രകാരം Rate Contract ൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങണമെന്നിരിക്കെ ടെണ്ടർ നടപടികൾ ഒഴിവാക്കി കട്ടിലുകൾ നേരിട്ട് വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് റേറ്റ് കോൺട്രാക്ട്/Price List ൽ മേൽ സ്പെസിഫിക്കേഷനിലുള്ള കട്ടിലിന്റെ വിലയോക്കാൾ കുറഞ്ഞ നിരക്കിലാണഅ കട്ടിൽ വാങ്ങിയിട്ടുള്ളത് എന്നാണ്.

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 2-4-19 ലെ ജി.ഒ (ആർ.ടി) നം. 13/19 ഉത്തരവിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റുമായി റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനങ്ങൾ സർക്കാർ അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യണമെന്നും വിതരണം ചെയ്യുന്ന സാധനങ്ങൾ തങ്ങളുടെ സ്ഥാപനത്തിൽ നിർമ്മിച്ചതാണെന്ന സാക്ഷ്യപത്രം നല്കേണ്ടതാണെന്നും, സർക്കാർ അംഗീകരിച്ച റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിലുൾപ്പെടാത്ത ഇനങ്ങൾ ടെന്റർ നടപടികളിലൂടെ വാങ്ങേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇവിടെ സർക്കാർ നിരക്ക് അംഗീകരിച്ച് നൽകിയിട്ടില്ലാത്ത സാധനങ്ങൾ ടെന്റർ നടപടികൾ ഒഴിവാക്കി വാങ്ങിയിട്ടുണ്ട്.
ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കാനുണ്ടായ സാഹചര്യവും ചട്ടങ്ങൾ മറികടന്ന് വാങ്ങൽ നടത്തുവാനുണ്ടായ സാഹചര്യവും വിശദീകരിക്കേണ്ടതാണ്. സ്റ്റോർ പർച്ചേസ് മാനുവൽ പാലിച്ചുകൊണ്ട് മാത്രം സാധനങ്ങൾ വാങ്ങുന്നതിന് കർശനമായി നിർദ്ദേശിക്കുന്നു.
**ഓഡിറ്റ് എൻക്വയറി നം. 7/17.12.22**

## 1-18 വൃദ്ധർക്ക് കട്ടിൽ വിതരണം - ടെണ്ടർ നടപടികൾ ഒഴിവാക്കി കട്ടിലുകൾ വാങ്ങി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ പേര്, നം. | വൃദ്ധർക്ക് കട്ടിൽ – പൊതുവിഭാഗം (20/22) |
| അടങ്കൽ തുക | ₹3,61,250/-(വികസന ഫണ്ട്-ജനറൽ)<br>₹8,500/-(തനത് ഫണ്ട്) |
| ചെലവ് തുക | ₹3,61,250/- (ബിൽ നം.06/21-22)<br>₹8,500/- (ചെക്ക് നം.26630/23.3.22) |

വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതിയിൽ 85 എണ്ണം “Wooden Cot Of Size 198x90cm, Front Leg6 Cm, Back Leg 50cm Bed Portion In 8mm Commercial Plywood” കട്ടിലുകൾ 4350/- രൂപ നിരക്കിൽ SIDCOയിൽനിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.
“GO(Rt)No.49/2019/SPD Dtd 14.11.19” ഉത്തരവ് പ്രകാരമുള്ള റേറ്റ് കോൺട്രാക്ട്/പ്രൈസ് ലിസ്റ്റിൽ മേൽ സ്പെസിഫിക്കേഷനിലുള്ള കട്ടിലുകൾ ഉൾപ്പെട്ടിട്ടില്ല. മേൽ ഉത്തരവ് ഖണ്ഡിക പ്രകാരം റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങണമെന്നിരിക്കെ ടെണ്ടർ നടപടികൾ ഒഴിവാക്കി കട്ടിലുകൾ നേരിട്ട് വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള കട്ടിലിന്റെ വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് കട്ടിൽ വാങ്ങിയിട്ടുള്ളത് എന്നാണ്.

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 2-4-19 ലെ ജി.ഒ (ആർ.ടി) നം. 13/19 ഉത്തരവിര സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റുമായി റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനങ്ങൾ സർക്കാ അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യണമെന്നും വിതരണം ചെയ്യു സാധനങ്ങൾ തങ്ങളുടെ സ്ഥാപനത്തിൽ നിർമ്മിച്ചതാണെന്ന സാക്ഷ്യപത്ര നല്കേണ്ടതാണെന്നും, സർക്കാർ അംഗീകരിച്ച റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിലുൾപ്പെടാത്ത ഇനങ്ങൾ ടെന്റർ നടപടികളിലൂടെ വാങ്ങേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാര ഇവിടെ സർക്കാർ നിരക്ക് അംഗീകരിച്ച് നൽകിയിട്ടില്ലാത്ത സാധനങ്ങൾ ടെന്റ നടപടികൾ ഒഴിവാക്കി വാങ്ങിയിട്ടുണ്ട്.

ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കാനുണ്ടായ സാഹചര്യവു ചട്ടങ്ങൾ മറികടന്ന് വാങ്ങൽ നടത്തുവാനുണ്ടായ സാഹചര്യവും ഓഡിറ്റി വിശദീകരിക്കേണ്ടതാണ്. സ്റ്റോർ പർച്ചേസ് മാനുവൽ പാലിച്ചുകൊണ്ട് മാത്രം സാധനങ്ങ വാങ്ങുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 06/21-22 17.12.22**

## 1-19 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂ എന്നിവ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ എ ഇബി , കേരള ജല അതോറിറ്റി, എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല അഡ്ജസ്റ്റ് ചെയ്യിട്ടില്ലാത്ത തുകകളുടെ വിവരം ഹെഡ് വൈസായി താഴെ ചേർക്കുന്നു.

| ക്രമനം. | ധനകാര്യ പത്രികയിലെ ഹെഡ്കോഡ് | തുക സ്വീകരിച്ച സ്ഥാപനം | 01.04.21 വരെ അഡ്ജസ്റ്റ് ചെയ്യാനുള്ള തുക ₹ |
|---|---|---|---|
| 1 | 460500201 | കേരള വാട്ടർ അതോറിറ്റി | 16,17,278/- |
| 2 | 460500202 | കേരള ഇലക്ട്രിസിറ്റി ബോർഡ് | 4,41,488/- |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു ( നം. 8/21-22 19.12.22 ) മറുപട ലഭ്യമാക്കിയിട്ടില്ല.

ഏതൊക്കെ പ്രവൃത്തികൾ /പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് തുകക നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. ഓരോ പ്രവൃത്തിയ്ക്കും തുക നല്കി വൗച്ചർ/ ബിൽ നം./ചെക്ക് നം.,തീയതി, സ്ഥാപനം, പ്രോജക്ട് നം.,ഫണ്ട് ഇനം, എസ്റ്റിമേ തുക , കരാർ, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ വിശദാംശങ്ങൾ , വിനിയോ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണത്തിനായ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതും ദീർഘകാലമായി തുകക നിഷ്ക്രിയ ആസ്തിയായി മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണ വിശദീകരിക്കേണ്ടതുമാണ്. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 പഞ്ചായത്ത് ഓഫീസ് കുഴൽ കിണർ നിർമ്മാണം - പാതി വഴിയിൽ ഉപേക്ഷിച്ച പദ്ധതി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി | പഞ്ചായത്ത് ഓഫീസിന്<br>കുഴൽ കിണർ നിർമ്മാണം (നം.157/22)SO |
| അടങ്കൽ തുക | 98024/-(CFCഫണ്ട്) |
| ചെലവ് തുക | 17948/-(ബിൽ നം.24/22.12.21) |

കുന്നത്തൂർ ഗ്രാമ പഞ്ചായത്തിന്റെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുഴ കിണർ നിർമ്മാണത്തിനായി 2020-21 വർഷം 101976/- ( പദ്ധതി നം.219/22) രൂപയും, 2021-2 വർഷം സ്പിൽ ഓവർ പദ്ധതി നം.157/22 പ്രകാരം 17948/- രൂപയും ഉൾപ്പടെ ആകെ 119924/- രൂ കൊല്ലം ജില്ലാ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. കുഴൽ കിണ

നിർമ്മാണം ആരംഭിച്ച് 46 M എത്തിയപ്പോൾ മണ്ണിടിചിൽ ഉണ്ടാവുകയും മണലിന്റെ സാന്നിദ്ധ്യം മൂലം തുടർന്ന് കുഴിക്കാൻ കഴിയുകയില്ലെന്നും ആയതിനാൽ കുഴൽ കിണറ നിർമ്മാണം നിർത്തിവയ്ക്കുകയും ചെയ്തു. റോട്ടറി കം ബോർവെൽ നിർമ്മിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി 401477/- രൂപയുടെ എസ്റ്റിമേറ്റ് ഗ്രൗണ്ട് വാട്ടർ അതോറിറ്റി 4.6. 2022 ലെ ജി.കെ റ്റി/1115/2020 ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ 10.06.2022 ലെ1(3) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം നിലവിൽ ബോർ വെൽ നിർമ്മാണം നടത്തിയതിൽ പഞ്ചായത്തിന് ഉപയോഗപ്രദമാകാതെ 41377 രൂപ നഷ്ടമായ സ്ഥിതിക്ക് ഇനിയും ബോർവെൽ നിർമ്മാണവുമായി മുന്നോട്ട് പോകേണ്ടതില്ലെന്നും ആകെ നിക്ഷേപിച്ച 119924 രൂപയിൽ ബോർവെൽ നിർമ്മാണത്തിനായി ഭൂജല വകുപ്പിന് ചെലവായ 41377 രൂപ കിഴിച്ച് ബാലൻസ് തുകയായ 78547/- രൂപ തിരികെ ലഭ്യമാക്കാനായി ഭൂജലവകുപ്പിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു

ഈ പ്രവൃത്തിക്കു വേണ്ടി കരാർ വെച്ചിട്ടുള്ളത് പരിശോധനയ്ക്ക ലഭ്യമാക്കിയിട്ടില്ല.വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കരാർ വച്ച് നിക്ഷേപ പ്രവൃത്തിയായി നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിക്കുന്നതിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ കരാർ പ്രകാരമുള്ള നഷ്ടപരിഹാരം ഇടാക്കേണ്ടതായുണ്ട്. കുഴൽകിണർ കുഴിക്കുന്ന പ്രദേശത്തെ മണ്ണ് പരിശോധിച്ച് മണ്ണിന്റെ ഘടന വിലയിരുത്തിയതിന് ശേഷമാണ് കുഴൽകിണറിന്റെ നിർമ്മാണം ആരംഭിക്കേണ്ടിയിരുന്നത്.

എന്നാൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതിന് ശേഷം കുഴൽകിണർ കുഴിക്കുന്ന പ്രദേശത്ത് മണലാണെന്ന കാരണത്താൽ ഉപേക്ഷിച്ചത് ശരിയായ നടപടിയല്ല. വ്യവസ്ഥകൾ വ്യക്തമാക്കി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി കണക്കാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്. നിർമ്മാണത്തിനായി നിക്ഷേപിച്ച 17,948/- രൂപ പാഴ്ച്ചലവായി കണക്കാക്കി തുക തടസ്സപ്പെടുത്തുന്നു. 2020-21 വർഷം ഖ-1-17 പ്രകാരം 1,01,976/-രൂപ തടസ്സപ്പെടുത്തിയിട്ടുണ്ട്.

**തടസ്സപ്പെടുത്തിയ തുക - 17,948/- രൂപ & 1,01,976/-രൂപ (2020-21 വർഷം ഖ-1-17)**
**ഓഡിറ്റ് എൻക്വയറി നം – 10/17.12.22**

## 1-21 ജലജീവൻ മിഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി | ജലജീവൻ മിഷൻ(നം.19/22)SO |
| അടങ്കൽ തുക | 10,00,000/-(CFCഫണ്ട്) |
| ചെലവ് തുക | 10,00,000/-(വൗച്ചർ നം.22101018/17.3.22) |

പഞ്ചായത്തിലെ മുഴുവൻ കടുംബങ്ങളിലും കുടിവെള്ളമെത്തിക്കാനുള്ള ടി പ്രോജക്റ്റ് പ്രകാരം പഞ്ചായത്ത് വിഹിതമായി 2020-21 വർഷം 500000/- രൂപയും(പദ്ധതി നം.S0 220 / 21 ബിൽ നം. 36/ 20-21 തി 16.01.2)2021-22 വർഷം 10,00,000/-രൂപയും വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എൻജിനീയർ-കൊല്ലത്തിന്റെ അക്കാണ്ട് നം. 39772973187 ലേക്ക നൽകിയിരിക്കുന്നു. എന്നാൽ ടി തുക വിനിയോഗിച്ച് ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകിയതായി രേഖയില്ല. ആയതിനാൽ2021-22 വർഷത്തെ ചെലവു തുകയായ 10,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുന്നു.

2020-21 വർഷത്തേക്ക് 500 ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനായി 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി നൽകിയിരുന്നു. ഈ തുകയുടെ 45% (37. ലക്ഷം) കേന്ദ്ര വിഹിതവും, 30% (25.2 ലക്ഷം രൂപ) സംസ്ഥാന വിഹിതവും 15% (12.6 ലക്ഷം രൂപ) പഞ്ചായത്ത് വിഹിതവും, 10 % (8.4 ലക്ഷം രൂപ) ഗുണഭോക്തൃ വിഹിതവുമാകുന്നു.

പദ്ധതി നടത്തിപ്പിനായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയോ, ലിസ്റ്റ് വാട്ടർ അതോറിറ്റിക്ക് നൽകുകയോ ചെയ്തിട്ടില്ല. പദ്ധതി നടത്തിപ്പിനായുള്ള ഗുണഭോക്താക്കളെ ഗ്രാമസഭ വഴി കണ്ടെത്തി വാട്ടർ കണക്ഷൻ നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്

**തടസ്സപ്പെടുത്തിയ തുക – 10,00,000/- രൂപ**
**ഓഡിറ്റ് എൻക്വയറി നം.-13/20.12.22**

## 1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2021-22 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക (₹) | ചെലവ് തുക (₹) | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | ജീവനം പദ്ധതി (99/22) | 1,00,000/- (വികസന ഫണ്ട്) | 1,00,000/- | 6/9.7.21 | കൊല്ലം ജില്ലാപഞ്ചായത്തിൽ ഒടുക്കു വരുത്തി. |
| 2. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (101/22) | 68485/- (വികസന ഫണ്ട്) | 68485/- | 23/27.11.21-45165/- & 42/30.3.22-23320/- | KSEB കടമ്പനാട് ഒടുക്കു വരുത്തി. |
| | | ആകെ | 1,68,485/- | | |

വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
**തടസ്സപ്പെടുത്തിയ തുക - 1,68,485/-/-രൂപ.**
**ഓഡിറ്റ് എൻക്വയറി നം.13/20.12.22.**

## 1-23 എം.സി.എഫിലേയ്ക്ക് ബെയിലിംഗ് മെഷീൻ - നാളിതു വരെ പ്രവർത്തനമാരംഭിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി | എം.സി.എഫിലേയക്ക് ബെയിലിംഗ് മെഷീൻ (നം.150/22) |
| അടങ്കൽ തുക | 6,50,000/-(ശുചിത്വ മിഷൻ ഫണ്ട്) |
| ചെലവ് തുക | 549899/-(26592/7.3.2022) |

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ നിന്നും 549899/- രൂപ ചെലവഴിച്ച് 2021-22 സാമ്പത്തിക വർഷം ബെയ്ലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. ബെയ്ലിംഗ് മെഷീൻ MCF ൽ സ്ഥാപിച്ചിട്ടുള്ളത് 21.2.22 തീയതിയിലാണ്. എന്നാൽ ഓഡിറ്റ് തിയതി വരെ മെഷിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മെഷീന്റെ പ്രവർത്തനത്തിന് 3 Phase കണക്ഷൻ അനിവാര്യമായിരുന്നിട്ടും 3 Phase കണക്ഷൻ സ്ഥാപിക്കാതെയാണ് മെഷീൻ വാങ്ങിയിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷം 3 Phase കണക്ഷൻ എടുക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

മെഷീൻ വാങ്ങി സ്ഥാപിച്ച് 10 മാസം കഴിഞ്ഞിട്ടും നാളിതു വരെ പ്രവർത്തനമാരംഭിക്കാതിരുന്നതിനുള്ള കാരണം ആരാഞ്ഞ് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യ സംസ്ക്കരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബെയ്ലിംഗ് മെഷീൻ വാങ്ങുന്നതിലേയ്ക്ക് കേന്ദ്രാവിഷ്കൃത ഫണ്ട് ലഭ്യമായ സാഹചര്യത്തിലാണ് ഫണ്ട് നഷ്ടമാകാതിരിക്കുന്നതിലേയ്ക്ക് ബെയ്ലിംഗ് മെഷിൻ വാങ്ങി സ്ഥാപിച്ചിട്ടുള്ളത് എന്നാണ്. മെഷീൻ വാങ്ങി സ്ഥാപനവുമായുള്ള കരാർ പ്രകാരം മെഷീൻ സ്ഥാപിച്ച തീയതി മുതൽ ഒരു വർഷത്തേക്കാണ് വാറന്റി ബെനിഫിറ്റ് ഓഫർ ചെയ്തിരുന്നത്. നിലവിൽ വാറന്റി ബെനിഫിറ്റ് നഷ്ടമാകുന്ന അവസ്ഥയാണുള്ളത്.

അടിസ്ഥാന സൗകര്യവികസനം നടത്താതെ അതിന് വേണ്ടി പദ്ധതി രൂപീകരിക്കാതെ ഫണ്ട് നഷ്ടമാകുമെന്ന കാരണത്താലാണ് മെഷീൻ വാങ്ങി സ്ഥാപിച്ചത് എന്ന മറുപടി

അംഗീകരിക്കുന്നില്ല. ശുചിത്വ മിഷൻ ഫണ്ട് ലാപ്സായി പോകുന്ന അവസ്ഥ നിലവിലില്ല തൻ വർഷം തന്നെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി രൂപീകരിക്കാതിരുന്നത് മൂലം മെഷിന്റെ പ്രവർത്തനമാരംഭിക്കാൻ കഴിയാതിരുന്നതു അധികൃതരുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ അനാസ്ഥയാണ്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അടിസ്ഥാന സൗകര്യമൊരുക്കാതെ മെഷീന വാങ്ങിയതിനാൽ വാറന്റി കാലയളവ് നഷ്ടപ്പെട്ടതിനും, മെഷീൻ പ്രവർത്തന സജ്ജമാക്കാത്തതിനാലും മെഷീൻ വാങ്ങുന്നതിനുള്ള 5,49,899/-രൂപയുടെ ചെലവ തടസ്സപ്പെടുത്തുന്നു. മെഷീൻ പ്രവർത്തന സജ്ജമാക്കിയ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക – 5,49,899/-രൂപ**

## 1-24 ഗുണഭോക്തൃ വിഹിതം തിരിച്ച് നൽകിയത് - കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ പാലിച്ചില്ല.

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ സുഭിക്ഷ കേരളം, (പോത്തുകുട്ടി വളർത്തൽ എസ്.സി വിഭാഗം 83/22 പദ്ധതിയ്ക്ക് വികസനഫണ്ട് എസ്.സി.പി യിൽ നിന്ന് 1135000/ രൂപയും ഗുണഭോക്തൃ വിഹിതം 377960/-രൂപയും മറ്റ് പഞ്ചായത്ത് വിഹിതമിനത്തിൽ 6000/ രൂപയുമുൾപ്പെടെ അടങ്കൽ തുക 1518960/-രൂപയ്ക്കാണ് പദ്ധതി ആവിഷ്ക്കരിച്ചത്. ഒര പോത്തുകുട്ടിയ്ക്ക് 3000/-രൂ ഗുണഭോക്തൃ വിഹിതവും 9000/-രൂപ സബ്സിഡിയു വകയിരുത്തി 12000/-രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചാണ് 126 പോത്തുകുട്ടികളെ വാങ്ങുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചത്. വെറ്ററിനറി സർജന്റെ കളക്ഷൻ രജിസ്റ്റ പ്രകാരം 160 പേരിൽ നിന്ന് 3000/-രൂപ ക്രമത്തിൽ (29.11.21 മുതൽ 26.03.22 വരെയുള്ള കാലയളവിൽ) പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളതായി ലെഡ്ജ പരിശോധനയിൽ നിന്ന് ബോധ്യപ്പെട്ടു. 126 പേർക്കായി രൂപീകരിച്ച പദ്ധതിയ്ക്കായി 16 പേരിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ അടിസ്ഥാനം നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിക്കേണ്ടതാണ്. പൊതുജനങ്ങളിൽ നിന്നും അധികമായി പിരിച്ചെടുത്ത പണം വെറ്ററിനറി സർജന് തിരികെ നൽകുന്നതിന് 08.04.22 ലെ കമ്മിറ്റ തീരുമാനം നം. 1 (7) പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ 12.05.22 ലെ 27120-ാം നം. ചെക്ക് പ്രകാരം 75000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകി. കേരള കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടം 25 പ്രകാര പഞ്ചായത്ത് പിരിച്ചെടുത്ത തുകയിൽ നിന്ന് തിരികെ നൽകേണ്ടുന്ന തുകകൾ സാധ്യമാണെങ്കിൽ ഭാവി വരവുകളിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്, തുകകൾ തിരിച്ച് നൽകുന്ന കാര്യത്തിൽ പ്രസിഡന്റ് അധികൃതമാക്കിയ ശേഷം സെക്രട്ടറി അ തിരിച്ചുനല്കേണ്ടതാണെന്ന വ്യവസ്ഥയുണ്ടെങ്കിലും ഇത് പാലിക്കാതെ പൊതുജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത തുക നിർവ്വഹണ ഉദ്യോഗസ്ഥന് ചെക്ക നൽകിയിട്ടുള്ള നടപടി ചട്ട വിരുദ്ധമാണ്. കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ചട്ടങ്ങൾ ചട്ടം 34 (2) പ്രകാരം ഒന്നാം ഉപചട്ടത്തിൽ പരാമർശിച്ചിട്ടുള്ള അലോട്ട്മെന്റുകളു മൂന്നാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അനിവാര്യവും നിർബന്ധിതവുമായ ചെലവുകളും ഒഴികെ സെക്രട്ടറി നടത്തുന്ന പണം നൽകലുകളും റീഫണ്ടുകളു പഞ്ചായത്ത് പ്രസിഡന്റ് അധികൃതമാക്കേണ്ടതാണ്. അങ്ങനെയുള്ള പണം നൽകലുകൾ പണം കിട്ടേണ്ട ആളിന്റെ സൌകര്യാർത്ഥം ക്യാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്കേ ചെക്ക് എന്നിവ മുഖാന്തിരമോ മറ്റ് ഇലക്ട്രോണിക് സംവിധാനം മുഖേനയോ പണ കിട്ടേണ്ടയാളിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്തോ നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി നൽകാവുന്നതാണെന്നും ചട്ട 34(4) പ്രകാരം സാധ്യമായിടത്തോളം ക്യാഷ് പേയ്മെന്റ് ഒഴിവാക്കേണ്ടതാണെന്നു ആവശ്യമെങ്കിൽ ഓരോ വ്യക്തിയ്ക്കും ക്യാഷായി നൽകേണ്ട തുകകൾ ഒരു ബില്ലിൽ നിന്നും 1000/-രൂപ എന്ന കണക്കിൽ പരിമിതപ്പെടുത്തേണ്ടതുമാണെന വ്യവസ്ഥയുണ്ടെങ്കിലും ഇത് പാലിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടുന തുകയായ 3000/-രൂപ വ്യക്തിഗത അക്കൌണ്ടിലേക്ക് മാറ്റുന്നതിന് പകരം നിർവ്വഹണ ഉദ്യോഗസ്ഥൻ പണമായി മാറി നൽകിയിട്ടുള്ള നടപടി ചട്ടവിരുദ്ധമാണ്. 34 പേരിൽ നിന 3000/-രൂപ വീതം അധികമായി പിരിച്ചെടുത്ത 102000/-രൂപയിൽ 25 പേർക്ക് നൽകേണ്ടുന 75000/-രൂപ മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയത്. അവശേഷിക്കുന്ന 9 പേരുടെ തുകയായ 27000/-രൂപ നിലവിലും പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ തുക

അടിയന്തിരമായി ചട്ടങ്ങൾക്കനുസൃതമായി വ്യക്തിഗത അക്കൌണ്ടിലേക്ക് സെക്രട്ട മാറ്റി നൽകി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

പദ്ധതി രൂപീകരിച്ചതിലധിമായി ഗുണഭോക്താക്കൾക്ക് പണം തിരികെ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് മുൻഗണനാ മാനദണ്ഡങ്ങൾ പാലിച്ചാണോ എന്ന് വ്യക്തമാക്കുന്ന രേഖകൾ, പദ്ധതി നിർവ്വഹണത്തിന്റെ മുഴുവൻ രേഖകൾ , പണം മടക്കി നൽകേണ്ട പേർക്ക് പണം തിരികെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത രേഖകൾ പണം ഒടുക്കിയ ഒറിജിനൽ രസീതുകൾ ക്യാൻസൽ ചെയ്ത് ഹാജരാക്കേണ്ടതോടൊപ്പം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് നടപ്പിലാക്കിയ വെറ്റിനറി, കൃഷി എന്ന് മേഖലകളിലെ പദ്ധതികളിന്മേൽ സമഗ്രാന്വേഷണം ശുപാർശ ചെയ്യുന്നു.

## <u>1-25 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കാലിബാരൽ വില ഈടാക്കി.</u>

കീച്ചപ്പള്ളിൽ മഠത്തിനാപ്പുഴ റോഡ് റീടാറിംഗ് പ്രവൃത്തിയിൽ (എസ്.ഒ.ഒ.132/22) 2,55,000/ രൂപ അടങ്കൽ വകയിരുത്തി 1,81,668/- രൂപ ചെലവഴിച്ചു. ഫൈനൽ ബിൽ നിന്നു കാലിബാരൽ തുക ഈടാക്കാത്തതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണത്തിന്റെ (4/2021-22 തീയതി. .12.2022 പ്രകാരം പ്രവൃത്തിക്കായി ഉപയോഗിച്ച 9 ബാരലിന്റെ (VG3 1010kg+RS1&SS1-183kg) തുക 18% ജി.എസ്.ടി ഉൾപ്പെടെ 2529/- രൂപ കരാറുകാരനിൽ നിന്നു ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് രസീത് ഹാജരാക്കി. (രസീത്.നം 1220102940/ജി 020205 തീയതി. 19.12.2022)

**ഓഡിറ്റ് എൻക്വയറി നം – 4/15.12.2022**

## <u>1-26 പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള തുക ഓഡിറ്റ് പരാമർശത്തെ തുടർന്ന് ഈടാക്കി അടച്ചു.</u>

2021-22സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ ഫൈന ഈടാക്കിയതിൽ കുറവ് സംഭവിച്ചു. കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O (P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charge ( P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക , അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാന അനുവാദമുള്ളൂ.

പ്രോജ. നം - എസ്.ഒ.ഒ.131/2022

നിലയ്ക്കൽ കോളനി റോഡ് സൈഡ് വാൾ റീടാറിംഗ്,കോൺക്രീറ്റിംഗ്

(വാർഡ് 4)

പി എ.സി തുക- 6,65,151/-

കോൺട്രാക്ടർ -ശിവൻപിള്ള

എഗ്രി . നം-തീയതി-നം 15/Ae/Kntr/Lsgd/Dt.11.08.2020

ചെലവ് തുക- 4,93,853/-

കരാർ വച്ച പ്രവൃത്തിയുടെ സൈറ്റ് കോൺട്രാക്ടർ ഏറ്റെടുത്തത് അതേ തീയതിയിലാണ് കരാർ വച്ച തീയതി പ്രകാരം 11.08.2021ന് പണിപൂർത്തീകരിക്കേണ്ടതാണ്.(കോവിഡ് സാഹചര്യം കാരണം 6 മാസം കാലാവധി നീട്ടി നൽകി) എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 14.02.2022 ൽ മാത്രമാണ്. ഫൈനൽ ബില്ലിൽനിന്നും ആകെ പ്രവർത്തി മൂല്യത്തിന്റെ 2% പിഴയായി 2258/-യാണ് ഈടാക്കിയിട്ടുള്ളത്. കോൺട്രാക്ടർ പണി പൂർത്തീകരിക്കാൻ അപേക്ഷ നല്കുകയോ സമയം ദീർഘിപ്പിച്ച് നല്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ആകെ പ്രവർത്തി മൂല്യത്തിന്റെ 2% പിഴ മാത്രം ഈടാക്കിയത് അംഗീകരിക്കാവുന്നതല്ല.

ഈടാക്കേണ്ടിയിരുന്ന ഫൈൻ

6,65,151*.1%*27 -17,959/-

ഈടാക്കിയ പിഴ -2,258/-

ഈടാക്കാൻ ബാക്കി നിന്ന പിഴയായ 15,701/-രൂപ (രസീത് നമ്പർ 1220102954/ജി.020205) ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് അടവാക്കി.

**ഓഡിറ്റ് എൻക്വയറി നമ്പർ- 11/2021-22 തീയതി.19.12.2022**

## 1-27 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാകുന്നില്ല.

പദ്ധതി അടങ്കൽ വച്ച ആകെ 52 പ്രവൃത്തികളിൽ 34 എണ്ണം മാത്രമാണ് തൻവർഷം നടപ്പിലായത്. 15 എണ്ണം സ്പിൽഓവർ പദ്ധതികളാണ്. അതിൽ തന്നെ ചില വർക്കുകൾ തൊട്ടടുത്തവർഷം സ്പിൽഓവർ ആയി തുടരുന്നു. ചിലവ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി ചെലവ് 35.52% മാണ്. പദ്ധതി ചെലവ് കുറയാനുണ്ടായ സാഹചര്യങ്ങൾ ചുവടെ ചേർക്കുന്നു.

(1) **ടെണ്ടർ ചെയ്യാനുള്ള തീരുമാനം വൈകുന്നു.**

പ്രോജക്ട് നം 129/22 പുത്തനമ്പലം കുളം നവീകരണം

പ്രോജക്ട് നം 137/22 അങ്കണവാടി മെയിന്റനൻസ് (വാർഡ് 7,17,10)

പ്രോജക്ട് നം 141/22 സ്കൂളുകൾക്ക് ടോയിലറ്റ്

10/2021 ൽ ടെണ്ടർ തീരുമാനം ലഭിച്ച മേൽ പരാമർശിത പ്രവൃത്തികൾ ടെണ്ടർ,റീടെണ്ടർ,ക്വട്ടേഷൻ നടപടികൾ കഴിഞ്ഞ് കരാർ വച്ചത് 2022 മാർച്ചിലാണ് പദ്ധതി ചെലവ് വൈകാൻ കാരണമായി.

(2) **എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൽ എല്ലാം നടപ്പിലാക്കുന്നില്ല**

സ്പിൽ ഓവർ പദ്ധതികളായ (പ്രോജ.നം 131/22 നിലയ്ക്കൽ കോളനി റോഡ് സൈഡ് വാൾ റീടാറിംഗ്, കോൺക്രീറ്റിംഗ്, പ്രോജ.നം 132/22 കീച്ചപ്പള്ളി മഠത്തിനാപ്പുഴ റോഡ് റീടാറിം എന്നീ വർക്കുകളിൽ കോൺക്രീറ്റിംഗ് പ്രവൃത്തി സ്ഥലവാസികളുടെ തർക്കം കാരണം നടത്തിയില്ല.

(3) **ആവശ്യകത കണക്കാക്കാതെ അടങ്കൽ വയ്ക്കുന്നു.**

സ്പിൽ ഓവർ പ്രോജക്ടായ ആയുർവേദ ആശുപത്രിക്ക് ടോയിലറ്റ് നവീകരണ പ്രവൃത്തിയിൽ 300000/- രൂപ അടങ്കൽ വച്ചു പണിപൂർത്തീകരിച്ചു 139226/- രൂപ ട പ്രവൃത്തിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

(4) **സൈറ്റിലെ തർക്കങ്ങൾ പരിഹരിക്കാത്തതിനാൽ പദ്ധതികൾ ഉപേക്ഷിക്കപ്പെടുന്നു.**

പുത്തൂച്ചിറകുളം നവീകരണം (പ്രോജ.നം 143/22 )3,04,000/-

പഞ്ചായത്ത് സ്റ്റേഡിയം നവീകരണം (പ്രോജ.നം 114/2022) 2,26,568/-

ടേക്ക് എ ബ്രേക്ക് (പ്രോജ.നം110/22) 13,20,000/-

സൈറ്റ് ഇഷ്യൂ പരിഹരിക്കാൻ പഞ്ചായത്ത് അധികാരികൾക്ക് കഴിയാത്തതിനാൽ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

(5) **കമ്മിറ്റി തീരുമാനം സമയബന്ധിതമായി നിർവ്വഹണോദ്യോഗസ്ഥന ലഭിക്കുന്നില്ല**

9.10.2021 ൽ കമ്മിറ്റി അംഗീകരിച്ച ടെണ്ടർ അംഗീകാര തീരുമാനം 28.10.2021 ലാണ അസി.എഞ്ചിനീയർക്ക് ലഭിച്ചത്. ഇത് സമയബന്ധിതമായി കരാറുകാരെ കൊണ്ട എഗ്രിമെന്റ് വയ്ക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും കാരണമായി. മാർച്ച് മാസത്തിൽ കരാർ വച്ച പ്രവൃത്തികൾ

(1) 165/22,167/22,163/22 154/22,110/22,141/22 29/22 എന്നീ പ്രോജക്ടുകൾക്ക് 65,08,300/- രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് വച്ചുവെങ്കിലും നടപ്പിലായില്ല.

(6) **സാമ്പത്തികവർഷം അവസാനം പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നു.**

സാമ്പത്തിക വർഷം അവസാനം കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനാൽ കരാർ വയ്ക്കാനും പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാനം കഴിയാതെ വരുന്നു.

ഉദാ.167/22,171/22,54/22 (കരാർ വച്ചത് മാർച്ച് മാസത്തിൽ )

(7)**'Tender Above' രേഖപ്പെടുത്തിയ പ്രവൃത്തികൾ നടപടിക്രമങ്ങളിൽ കാലതാമസം.**

13 പ്രവൃത്തികൾക്കാണ് **'Tender Above'** രേഖപ്പെടുത്തിയത്. ടെണ്ടർ ടാബുലേഷൻ ഷീറ്റ് തയ്യാറാക്കി 10.12.2022 ൽ കമ്മിറ്റിക്ക് സമർപ്പിച്ചുവെങ്കിലും 21.12.2022 ലെ കമ്മിറ്റ

അംഗീകാരം കഴിഞ്ഞ് 22.01.2022 ൽ ജില്ലാ കമ്മിറ്റി അംഗീകരിച്ച തീരുമാനം എ,ഇ ക ലഭിച്ചത് 07.02.2022 ൽ ആണ് .

പദ്ധതി ചെലവുകൾ മികച്ച ശതമാനത്തിലേയ്ക്ക് ഉയരുന്നതി നിർവ്വഹണോദ്യാഗസ്ഥരുടേയും പഞ്ചായത്ത് അധികാരികളുടേയു കൂട്ടുത്തരവാദിത്വത്തിലൂടെയേ കഴിയൂ എന്നതാണ് മേൽ വിവരങ്ങൾ വ്യക്തമാക്കുന്നത്.

ഉദ്യഗസ്ഥരുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

**ഓഡിറ്റ് എൻക്വയറി നമ്പർ 2/2021-22**

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം

### 3-1 മട്ടുപ്പാവ് പച്ചക്കറി കൃഷി - അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു.

പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടികളും തൈകളും വിതരണം ചെയ്യുന്നതിനു വേണ്ട ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ മട്ടുപ്പാവ് പച്ചക്കറി കൃഷി എന്ന പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 2,95, 200/- രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 73800/- രൂപയു ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പദ്ധതി, നം | മട്ടുപ്പാവ് പച്ചക്കറി കൃഷി (47/22) |
| അടങ്കൽ തുക | 295200/-(വികസന ഫണ്ട്)<br>73800/-(ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 110400/-(ബിൽ നം.5/5.11.21)<br>90400/-(ബിൽ നം.11/10.1.22)<br>94400/-(ബിൽ നം.14/19.2.22)<br>73800/-(ചെക്ക് നം.26627/23.3.22) |

പോട്ടിംഗ് മിശ്രിതം നിറച്ച 5 മൺചട്ടികളും അതിലെ പച്ചക്കറി തൈകളും ഒരു യൂണിറ്റായ കണക്കാക്കി ആകെ 369 യൂണിറ്റുകൾക്കാണ് (369×5=1845 എണ്ണം മൺചട്ടിയും പച്ചക്കറ തൈയും)ഒരു യൂണിറ്റിന് 1000/-രൂപ നിരക്കിൽ 369000/- രൂപ ചെലവഴിച്ച് KAICO യിൽ നിന 1845 എണ്ണം മൺചട്ടിയും പച്ചക്കറി തൈയും വാങ്ങിയിട്ടുള്ളത്.
പ്രസ്തുത പദ്ധതിയുടെ ചെലവ് വിവരം പരിശോധിച്ചതിൽ ആകെ ചെലവിന്റെ 80% തുക വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു.
ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.
ആകെ ചെലവ് – 369000/-
വികസന ഫണ്ട് ചെലവ് - 295200/- (80%)
ഗുണഭോക്തൃ വിഹിതം ചെലവ് - 295200/-(20%)

അനുവദനീയമായ സബ്സിഡി നിരക്ക് - 276750/-(75%)

വികസന ഫണ്ടിൽ നിന്നും അധികം അനുവദിച്ച തുക = 295200 – 276750 = 18450/- രൂപ

സർക്കാർ ഉത്തരവ് (കൈ) നം.22/2018 തസ്വഭവ തീയതി 14.2.2018 ഖ6-1 (11) പ്രകാരം പച്ചക്കറ കൃഷി ടെറസ്സിൽ പോട്ടിംഗ് മിശ്രിതം നിറച്ചതിന് അനുവദനീയമായ സബ്സിഡ നിരക്കിന്റെ ഉയർന്ന പരിധി 75% മാത്രമാണെന്നിരിക്കെ 80% നിരക്കിൽ സബ് സിഡ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡി

എൻകചയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്, പദ്ധതി ഉദ്ദേശിച്ച ഫലപ്രാപ്തിയിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 75% സബ്സിഡി നൽകേണ്ടതിന് പകരം 80% സബ്സിഡി അനുവദിച്ച് നൽകി എന്നാണ്. വ്യക്തമായ മാർഗ്ഗരേഖയുണ്ടായിട്ടും, പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് സബ്സിഡി അധികം നൽകിയെന്ന മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഉത്തരവിന് വിരുദ്ധമായി അധികമായി അനുവദിച്ച സബ്സിഡി തുക 18,450/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം ചെലവ് ചെയ്ത തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**നിരാകരിച്ച തുക - 18,450/- രൂപ**

**ഓഡിറ്റ് എൻകചയറി നം.3/15.12.22**

## 3-2 തെങ്ങുകൃഷി വികസനം ജില്ലാതല യൂണിറ്റ് നിരക്കിനേക്കിൽ അധികം നിരക്കിൽ തുക ചെലവഴിച്ചു.

തെങ്ങുകൃഷി വികസനം പദ്ധതിയിൽ തെങ്ങിൻ തൈകൾ ജില്ല തല യൂണിറ്റ് നിരക്കിനേക്കാർ അധികം നിരക്കിൽ വാങ്ങി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പദ്ധതി, നം | തെങ്ങുകൃഷി വികസനം (80/22) |
| അടങ്കൽ തുക | 60300/-(വികസന ഫണ്ട്)<br>20100/-(ഗുണഭോക്തൃവിഹിതം നേരിട്ട്) |
| ചെലവ് തുക | 59850/- (ബിൽ നം.9/10.01.22)<br>450/-(ബിൽ നം.17/19.2.22) |

തെങ്ങു കൃഷി വികസനം പദ്ധതിയിൽ 536 എണ്ണം WCT തെങ്ങിൻ തൈകൾ 150/- രൂപ നിരക്കിൽ KAICO യിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ജില്ലാതല യൂണിറ്റ് നിരക്ക് പ്രകാരം WCT തെങ്ങിൻ തൈകളുടെ വില ഒരെണ്ണത്തിന് 125/- രൂപയാണെന്നിരിക്കെ 150/- രൂപ നിരക്കിലാണ് തെങ്ങിൻ തൈകൾ വാങ്ങിയിട്ടുള്ളത് ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് കോവിഡ് നിയന്ത്രണമുണ്ടായിരുന്നതിനാൽ തെങ്ങിൻതൈകൾ ഗ്രോബാഗിൽ പോട്ടിംഗ് മിശ്രിതം നിറച്ച് വേര് പിടിപ്പിച്ച് വാർഡുതലത്തിൽ കർഷകർക്ക് എത്തിച്ച് നൽകിയതിനാലാണ് തൈ ഒന്നിന് 150/- രൂപ ചെലവഴിക്കേണ്ടി വന്നത് എന്നാണ്. എന്നാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ഗ്രോബാഗിൽ പോട്ടിംഗ് മിശ്രിതം നിറച്ച തെങ്ങിൻ തൈകകൾക്കാണ് ജില്ലാതല യൂണിറ്റ് നിരക്ക് പ്രകാരം 125/- രൂപ നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ ജില്ലാതല യൂണിറ്റ് നിരക്കിനേക്കാൾ അധികം ചെലവഴിച്ച 13400/-രൂപയുടെ ചെലവ് (536x25/-)അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**നിരാകരിച്ച തുക – 13400/- രൂപ**

**ഓഡിറ്റ് എൻകചയറി നം.3/15.12.22**

## 3-3 "വിശപ്പ് രഹിത കേരളം – ജനകീയ ഹോട്ടൽ" എന്ന പ്രോജക്ടിനായി സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവ് ചെയ്തു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി | ജനകീയ ഹോട്ടൽ (നം.11/22) |
| അടങ്കൽ തുക | 50000/-(വികസന ഫണ്ട്)<br>20000/-(ബ്ലോക്ക് വിഹിതം) |
| ചെലവ് തുക | 49876/-(28/27.3.2022)<br>19880/-(30/31.3.2022) |

സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടി മാർഗ്ഗരേഖ 6-3-20 ലെ ജി.ഒ.എം.എസ്.45/20 ത.സ്വ.ഭ.വ പ്രകാരം വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ജനകീയ ഹോട്ടലുകൾ നടത്തുന്നതിന് നിർദ്ദേശിക്കുകയും ടി കെട്ടിടത്തിന്റെ വാടക, വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവ

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് നല്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഖ.1- പ്രകാരം ജനകീയ ഹോട്ടലിന് ആവശ്യമായ പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾ, ഗ്ലാസ്സുകൾ, ഉപകരണങ്ങൾ തുടങ്ങിയവ കുടുംബശ്രീ ലഭ്യമാക്കുന്നതാണ് എന്ന വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ ഇത് പരിഗണിക്കാതെ വെറൈറ്റി സൂപ്പർമാർക്കറ്റിൽ നിന്നും പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾഎന്നിവ 69756/- രൂപ ചെലവഴി വാങ്ങി ജനകീയ ഹോട്ടലിന് നൽകിയിരിക്കുന്നു.
വാങ്ങിയ ഇനങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം | വാങ്ങിയ ഇനം | എണ്ണം | വില |
|---|---|---|---|
| 2578/26.3.22 | ഫ്രൈയിംഗ് പാൻ | 1എണ്ണം@1100/- | 1100/-രൂപ |
| | ഗ്യാസ് സ്റ്റൗ | 1എണ്ണം@4900/- | 4900/-രൂപ |
| 2580/30.3.22 | ബേസിൻ | 6 എണ്ണം@500/- | 3000/-രൂപ |
| | തവി | 1Kg @600/- | 600/-രൂപ |
| | സ്പൂൺ | 3 D@450/- | 1350/-രൂപ |
| | അണ്ടാവ് | 10Kg@450/- | 4500/-രൂപ |
| | കണ്ണാപ്പ | 1P @1600/- | 1600/-രൂപ |
| 2581/30.3.22 | പ്ലേറ്റ് | 10Kg @450/- | 4500/-രൂപ |
| | ഗ്ലാസ്സ് | 4Kg @600/- | 2400/-രൂപ |
| | AL-Vana | 2050g@600/- | 1230/-രൂപ |
| | ബക്കറ്റ് വലുത് | 1P @300/- | 300/-രൂപ |
| | ബക്കറ്റ് ചെറുത് | 4P@100/- | 400/-രൂപ |
| 2576/26.3.22 | പ്ലേറ്റ് | 20Kg @420/- | 8400/-രൂപ |
| | ചീനിച്ചട്ടി | 8 Kg@450/- | 3600/-രൂപ |
| | കെറ്റിൽ | 2P@800/- | 1600/-രൂപ |
| | S.S.Corry | 1P@1300/- | 1300/-രൂപ |
| | S.S.ചട്ടുകം | 1P@800/- | 800/-രൂപ |
| 2575/26.3.22 | S S Buchi | 1P @10080/- | 10080/-രൂപ |
| | Arippa Cotta | 1P @ 2300/- | 2300/-രൂപ |
| | Uruli S S | 1 P@6596/- | 6596/-രൂപ |
| | Table Plastic | 4P@1300/- | 5200/-രൂപ |
| | Chair | 10P@400/- | 4000/-രൂപ |
| | | **ആകെ** | **69756/-രൂപ** |

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് നിലവിലുണ്ടായിരുന്ന ജനകീയ ഹോട്ടൽ 2021 ഡിസംബർ മാസം നിർത്തലാക്കിയതിനാൽ ബഹു.സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയലുൾപ്പെടുത്തി പ്രസ്തുത പരിപാടിക്ക് മുടക്കം ഉണ്ടാകാതിരിക്കാനാണ് സാധന സാമഗ്രികൾ വാങ്ങി നൽകിയത് എന്നാണ്.

എന്നാൽ ഇത്തരം ഉപകരണങ്ങൾ കുടുംബശ്രീ ലഭ്യമാക്കുന്നതാണെന്ന് മേൽ ഉത്തരവ് ഖ.1 5ൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. മാർഗ്ഗരേഖയ്ക്കനുസൃതമല്ലാതെ പാത്രങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 69,756/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

**നിരാകരിച്ച തുക - 69,756/- രൂപ**

**ഓഡിറ്റ് എൻക്വയറി നം. – 7/17.12.22**

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 18.12.22 മുതൽ 19.12.22 വരെ | കെ.എസ്.എ.കെ.എൽഎം.പി.10/26/2023 തീയതി. 05.04.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1580000 | ലൈഫ് ഭവന പദ്ധതി ജനറൽ | 1580000 | 0 |
| " | " | 400000 | ലൈഫ് ഭവന പദ്ധതി, പട്ടികജാതി | 400000 | 0 |
| " | " | 68800 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, ജനറൽ | 68800 | 0 |
| " | " | 400000 | ആശ്രയ ജനറൽ | 400000 | 0 |
| " | " | 200000 | ആശ്രയ എസ്.സി. | 200000 | 0 |
| " | " | 202596 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 202596 | 0 |
| " | " | 215589 | അംഗൻവാടി കെട്ടിടനിർമ്മാണം (വാർഡ് 15) | 215589 | 0 |
| " | " | 204793 | അംഗൻവാടി കെട്ടിടനിർമ്മാണം (വാർഡ് 14) | 204793 | 0 |
| " | " | 229166 | അംഗൻവാടി കെട്ടിടനിർമ്മാണം (വാർഡ് 11) | 229166 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | " | 260000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 260000 | 0 |
| " | " | 19880 | ജനകീയ ഹോട്ടൽ | 19880 | 0 |
| " | " | 500000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | 500000 | 0 |
| " | " | 200000 | ആയുർവേദാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | 200000 | 0 |
| " | " | 200000 | ആശ്രയ | 200000 | 0 |
| " | " | 30000 | നെൽകൃഷി വികസനം | 30000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | കിണർ നിർമ്മാണം (പഞ്ചായത്തോഫീസ്) | 24/22.12.2021 | 17948/- | 0 | 17948/- |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ തുക അടവാക്കൽ | 22101018/ 17.03.2022 | 1000000/- | 1000000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 206432/- രൂപ ചെലവഴിയ്ക്കാനവശേഷിക്കുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാന് അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാന് ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം.എസ്.)111/2018 തീയതി 13.08.18 | 0 | 4772694/- | 557334/- | 0 | 4215360/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

**ഈ വർഷം ലഭിച്ച 300/- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.**

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 | 3-5 | 300/- | രശ്മി, സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | 121020102307/ 18.12.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാന് അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ഓഡിറ്റ് വർഷം** | **ഖണ്ഡിക** | **സമാഹൃത റിപ്പോർട്ട് വർഷം** | **ഖണ്ഡിക** | **വിഷയം** | **ഇപ്പോഴത്തെ അവസ്ഥ** |
|---|---|---|---|---|---|
| ---- | 2013-ലെ പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2013-14 | 5-2-4-5 | എയ്ഡഡ് സ്കൂൾ കോമ്പൗണ്ടിൽ അൺഎയിഡഡ് സ്കൂൾ | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം | | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം | സ്ഥാപന നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 18450/- | ശ്രീ. രതീഷ്, കൃഷി ഓഫീസർ |
| 3-2 | | 13400/- | ശ്രീ. രതീഷ്, കൃഷി ഓഫീസർ |
| 3-3 | | 69756/- | ശ്രീമതി സേതുലക്ഷ്മി യു., അസി. സെക്രട്ടറി |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 134141/- | ഡോ. ഡോളി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-15 | 91032/- | ഡോ. മുഹമ്മദ് ഷാഫി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-20 | 17948/- | ശ്രീ. എസ്. ശിവകുമാർ, സെക്രട്ടറി |
| 1-21 | 10,00,000/- | ശ്രീ. അജയകുമാർ സി.കെ., സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-22 | 145165/- | ശ്രീ. എസ്. ശിവകുമാർ, സെക്രട്ടറി |
| | 23320/- | ശ്രീ. അജയകുമാർ സി.കെ., സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-23 | 549899/- | ശ്രീ. അജയകുമാർ സി.കെ., സെക്രട്ടറി ഇൻ ചാർജ്ജ് |

### (ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

### (സി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

### (ഡി).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എസ്. ശിവകുമാർ, സെക്രട്ടറി | വിരമിച്ചു | ചരിഞ്ഞയ്യത്ത് വീട്, പനപ്പെട്ടി, ശാസ്താംകോട്ട |
| ശ്രീ. അജയകുമാർ സി.കെ., സെക്രട്ടറി | സെക്രട്ടറി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | ഇടയിലത്തറ, വലിയപാടം, വിളന്തറ പി.ഒ. |
| ശ്രീ. രതീഷ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | പാലം പെയ്യയിൽ വീട്, ഇടയ്ക്കിടം പി.ഒ. എഴുകോൺ |
| ശ്രീമതി സേതുലക്ഷ്മി യു., അസി.സെക്രട്ടറി | അസി. സെക്രട്ടറി, കുന്നത്തൂർ ഗ്രാമപഞ്ചായത്ത് | വഞ്ചിയൂർ ഇല്ലം, ശ്രീരാമപുരം മാർക്കറ്റ് പി.ഒ. തഴവ |

| | | |
|---|---|---|
| ഡോ. ഡോളി, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ, കുന്നത്തൂർഗ്രാമപഞ്ചായത്ത് | മായാലയം, കുളക്കട ഈസ്റ്റ് പി.ഒ. |
| ഡോ. മുഹമ്മദ് ഷാഫി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കുന്നത്തൂർ | ഷാ മൻസിൽ മുളവന, കുണ്ടറ |
| ഡോ.തോമസ് കെ.എൽ വെറ്റിനറി സർജൻ | വിരമിച്ചു | കണ്ടത്തിൽ വീട്, മങ്ങാട് പി.ഒ, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(1) /2018, തീ. 16-5-18 | 5 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(2) /2018, തീ. 16-5-18 | 1 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(3) /2018, 16-5-18 | 2 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(4) /2018, 16-5-18 | 5 |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(5) /2018, 16-5-18 | 5 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(6) /2018, 16-5-18 | 3 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(7) /2018, 16-5-18 | 4 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(8) /2018, 16-5-18 | 6 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.-പി 10/381 എ(9) /2018, 16-5-18 | 1 |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം-പി 10/718(1) /2019, 29-05-2019 | 11 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം-പി 10/718(2) /2019, 29-05-2019 | 4 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം-പി 10/718(3) /2019, 29-05-2019 | 5 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം-പി 10/718(4) /2019, 29-05-2019 | 4 |
| 2010-2011 & 2011-2012 | കെ.എസ്.എ.കെ.എൽ.എം-പി 10/അദാലത്ത്/11-12/377/22, 22.08.22 | 10 |
| 2012-13 & 2013-2014 | കെ.എസ്.എ.കെ.എൽ.എം/പി10/അദാലത്ത്/2012-13&2013-14/377/22,22.08.22 | 8 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം/പി10/അദാലത്ത്/2014-15 /377/22,22.08.22 | 11 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം/പി 10/1842/2016, 26/10/17 | 21 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം/പി 10/1078/2017, 26/10/17 | 15 |
| 2017–18 | കെ.എസ്.എ.കെ.എൽ.എം/പി 10/207/19, 16/07/19 | 14 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.കെ.എൽ.എം/പി 10/472/20, 12/05/2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.കെ.എൽ.എം/പി 10/18/22, 06.05.2022, | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം/പി 10/750/22, 23.07.22 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ**

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3
# അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെൻ്റ് സ്റ്റേറ്റ്മെൻ്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻ്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**